"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശം പ്രകാരമുള്ള മോക്ക് എക്സ്സർസൈസ് നടത്തുന്നതിന് ജില്ലാകളക്ടർമാർക്ക് തുക അനുവദിച്ചുകൊണ്ട്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.504/2024/DMD തീയതി,തിരുവനന്തപുരം, 22-07-2024

---

പരാമർശം:- മെമ്പർ സെക്രട്ടറി,സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 20/05/2024 ലെ MTo IV/858/2024/Admin നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനതലത്തിൽ കാസർകോട്, കോട്ടയം, പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിൽ നിശ്ചിത ഘട്ടങ്ങളിലായി മോക്ക് എക്സ്സർസൈസ് നടത്തുന്നതിന് ദേശീയ ദുരന്ത നിവാരണ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, മോക്ക് എക്സ്സർസൈസ് നടത്തുന്നതിനുള്ള പോഗ്രാം ഷെഡ്യൂൾ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ മോക്ക് എക്സ്സർസൈസിന്റെ നടത്തിപ്പിനായി മേൽ പരാമർശിച്ച ജില്ലകൾക്ക് ₹50,000/- രൂപ വീതം SDRF നിന്നും അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശ കത്ത് പ്രകാരം മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശം പ്രകാരമുള്ള മോക്ക് എക്സ്സർസൈസ് നടത്തുന്നതിന് കാസർകോട്, കോട്ടയം, പത്തനംതിട്ട, വയനാട് ജില്ലാകളക്ടർമാർക്ക് 50,000/- രൂപ വീതം സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245-02-101-94-01 F other items എന്ന ശീർഷകത്തിൽ നിന്ന് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ABHILASH S
അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ,കാസർകോട്, കോട്ടയം, പത്തനംതിട്ട, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 25-07-2024 07:31:04
സെക്ഷൻ ഓഫീസർ